
ആദ്യാക്ഷരങ്ങൾ

# ആമുഖം

അനുനിമിഷം വികാസം പ്രാപിച്ചുകൊണ്ടിരിക്കുന്ന വിവരസാങ്കേതിക വിദ്യയുടെ നൂതന പ്രവണതകൾ അടിസ്ഥാനമാക്കി പൊതുവിദ്യാഭ്യാസവകുപ്പ് ഹൈസ്കൂൾ വിദ്യാർഥികൾക്ക് നടപ്പിലാക്കുന്ന പ്രവർത്തനങ്ങളുടെ ക്ലബ്ബാണ് 'ലിറ്റിൽ കൈറ്റ്സ്' .ഗവ ഹയർ സെക്കൻണ്ടറി സ്കൂൾ അഴീക്കോടിലെ വിദ്യാർഥികളുടെ സാഹിത്യാഭിരുചികൾ കോർത്തിണക്കി 2019-2020 അധ്യയന വർഷത്തിലെ ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾ തയ്യാറാക്കിയ 'ആദ്യാക്ഷരങ്ങൾ' എന്ന ഡിജിറ്റൽ മാഗസിൻ പരിമിതികളെ അതിജീവിക്കുന്ന ഒന്നാണ്.

സാഹിത്യവും സാങ്കേതികവിദ്യയും ഒരുമിച്ച് കൈകൾ കോർക്കുന്ന ഈ മാഗസിൻ ആദരപൂർവ്വം ഞങ്ങൾ സമർപ്പിക്കുന്നു.

************************

# സന്ദേശം



ഐ.സി.ടി ഡിജിറ്റൽ മാഗസിൻ തയാറാക്കുന്ന വിവരം അറിഞ്ഞു.

അഭിനന്ദനങ്ങൾ.

പ്രധാന അധ്യാപകൻ
മുഹമ്മദ് ഇഖ്ബാൽ പാറപ്പുറത്ത്

സീന ടീച്ചറുടേയും ബിന്ദു ടീച്ചറുടേയും നേതൃത്വത്തിൽ ലിറ്റിൽ കൈറ്റ്സിലെ കുട്ടികൾ ചിട്ടയായ രീതിയിൽ പ്രവർത്തിച്ച് വരുന്നതിൽ ഏറെ സന്തോഷമുണ്ട്. ഈ കുട്ടിക്കൂട്ടം ഗ്രൂപ്പിന് ജീവിതത്തിൽ തന്നെയുള്ള

ഒരു ടേർണിങ്ങ് പോയിന്റ് ആയി മാറാനുള്ള പ്രചോദനം ഈ ഗ്രൂപ്പിലൂടെയുള്ള പ്രവർത്തനത്തിൽ നിന്നും ലഭിക്കട്ടെ എന്നും പ്രാർത്ഥിക്കുന്നു.

-ഒരായിരം അഭിനന്ദനങ്ങൾ

$$$$$$$$$$$$$$$$$$$$$$$$$$

# ജി.എച്ച്.എസ്.എസ് അഴീക്കോട്
# മീൻകുന്ന്



# താളുകളിലൂടെ

അവൾ ഒരു മഴ....................10

മഴമേഘങ്ങൾക്കിടയിലൂടെ......12

പ്രളയ ദൃൂതി.........................14

അമൃത മഴ..........................17

ലഹരി നുണയുന്ന ജീവിതം.....19

ജീവിതം തന്നെ ലഹരി.........23

ഊർജ സംരക്ഷണം............27

**മറക്കാനാവാത്ത ബാല്യം......32**

**മുന്നേറ്റം............................39**

**വിദ്യാലയം പ്രതിഭകളിലേക്ക് .45**

***My mother is my queen......52***

***MY MOTHER......................54***

***വരകൾക്കിടയിലൂടെ.............56***

***കൃതജ്ഞത.......................68***


**(<<<<<<<<<+>>>>>>>>>)**

# 2019-20 അധ്യയന വർഷത്തിലെ ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾ



()()()()()()()()()()()()()()

# അവൾ ഒരു മഴ

ഞാൻ ജനിച്ചതിന് ശേഷം കണ്ടു
എല്ലാ വർഷവും കോരിച്ചൊരിയുന്ന
ആയിരക്കണക്കിന് ജനങ്ങളുടെ
കാലനായി വന്നു.
എല്ലാം അവളാണ്
ആ ദുരിതപൂർണ മഴ.
ഈ ലോകം അവസാനിക്കുന്നത്
വരെ മഴ
പ്രളയ ദൂതിയാണ് അവൾ
മരണ ദൂതിയാണ് അവൾ
എന്റെ നെഞ്ചോട് ചേർത്തുവച്ച്
വായിച്ചെഴുതിയ  വരികളെല്ലാം
മഴയിൽ നനഞ്ഞു പോയി

ആ കടലാസു തുണ്ടു നനഞ്ഞു

ഈ മഴ അവസാനിക്കുമോ?

പ്രളയംഅവസാനിക്കുമോ?

ദുരിതവും?

റിസ്വാൻ.എം.പി

എട്ടാം തരം



ΛΛΛΛΛΛΛΛΛΛΛΛΛΛΛΛΛΛΛΛΛΛΛ

# മഴമേഘങ്ങൾക്കിടയിലൂടെ

മഴമേഘങ്ങൾക്കിടയിലൂടെ പതുങ്ങിവരും
അവൾ.....
ചിന്നിച്ചിതറിപെയ്തിട്ടും അവൾ പിന്നെ-
തണുത്ത മാരിയായ് പെയ്തു തോരും
ഏഴുവർണമായ് നിറഞ്ഞു നിൽക്കും
ആദ്യം കാറ്റിനെ പറഞ്ഞയക്കും
പിന്നെ പറയാതെയവൾ വരും...
കൊട്ടും കുരവയും ആർപ്പുവിളിയുമായ്
ആകാശത്തൂടെ പതുങ്ങിവരും അവൾ
കാർമേഘങ്ങളായ് മൂടി നിൽക്കും അവളെ-
ല്ലാവർക്കും പ്രിയങ്കരിയാകും
മുത്തും പവിഴവുമാകുന്ന നവരത്നങ്ങളെപ്പോലെ
മിന്നി നിൽക്കും.

അവൾ ചായാതെ മായാതെ

പടർന്നു നിൽക്കും മഴ-

ത്തുള്ളിയായ്, മാരിയായ് പെയ്തു തീരും.

വിസ്മയ വത്സൻ

പത്താം തരം



@@@@@@@@@@@@@@

# പ്രളയ ദൂതി

അവളെ ഒരു മഴയായിട്ടാണ് എനിക്കു

തോന്നിയത്.

പൊട്ടിച്ചിരിച്ചും ,വിതുമ്പിയും,

കരഞ്ഞും ഉല്ലസിക്കുന്ന ഒരു പെൺ കൊടി.

ചിങ്ങമാസം വന്നണഞ്ഞാൽ ചിങ്ങിപ്പെയ്ത്

എന്റെ സ്വപ്നങ്ങളെയെല്ലാം

അലിയിച്ചു കളഞ്ഞ്

അവളെത്തി

പ്രളയ മരണ ദൂരിതയായി.

ചിണുങ്ങിയാണ് അവൾ സന്തോഷം

പ്രകടിപ്പിക്കുന്നത്

അതുകാണുമ്പോൾ നമ്മുടെ മനസ്സും

പൂത്തുലയും.

എന്നാൽ വേനൽ മഴയാണേൽ നമുക്ക്

വരൾച്ചയിൽ കുളിർമയുമായി എത്തുന്നു.

മഴ അതെത്ര

ആസ്വാദ്യകരമാണ്,പൊട്ടിച്ചിരിച്ചും,

വിതുമ്പിയും,കരഞ്ഞും ഉല്ലസിച്ച്

സമൃദ്ധിയും ഐശ്വര്യവും നന്മയുമായി വരുന്ന

പെൺകൊടി...

അവളുടെ പുതുമണം നമ്മെ ഹരം

കൊള്ളിക്കുന്നു.

ചെറിയ മഴ കാൽചിലമ്പായെത്തുന്നു.

അവളുടെ പ്രതികരണത്തിന്റെ

പ്രളയകാലം ആർക്കും മറക്കാൻ പറ്റില്ല.

ജീവനത്തിന്റെ അംശമായി നീ നമ്മുടെ

മനസ്സിൽ കാലങ്ങൾ മുന്നേ

വന്നതായി ചില നിമിഷങ്ങളിൽ എനിക്കു

തോന്നാറുണ്ട്.

ദൃശ്യ.കെ

പത്താം തരം



!!!!!!!!!!!!!!!!!!!!!!!!!!!!!!

# അമൃത മഴ

നിർത്താതെ പെയ്യുന്ന മഴ
ആകാശത്തുനിന്ന് പെയ്യുന്ന മഴ
തുള്ളികളായ് പെയ്യുന്ന മഴ
ഇടിയോടും മിന്നലോടും കൂടിയ മഴ
കണ്ണീരുറവപോലെ പെയ്യുന്ന മഴ
ദൂരെ നിന്നും പെട്ടെന്ന് പൊട്ടിവീഴുന്ന മഴ
കർക്കടക മാസത്തിൽ പെയ്യുന്ന മഴ
കാറ്റിനൊപ്പം വരുന്ന മഴ
വരൾച്ചയ്ക്ക് തുണയായി പെയ്യുന്ന മഴ
കുട്ടികൾക്ക്  ആനന്ദം പകരുന്ന മഴ
പുഴകൾ നിറയ്ക്കുന്ന മഴ
നാടിനു അമൃതം തരുന്ന മഴ
കൃഷിയിടങ്ങളിൽ സമൃദ്ധിയാകുന്ന മഴ
പവിഴ മഴ ....പവിഴ മഴ

## ദേവനന്ദ.വി.വി

## എട്ടാം തരം



##################################

ഉപന്യാസം

# *ലഹരി നുണയുന്ന ജീവിതം*

നാം ഇന്ന് നേരിടുന്ന ഒരു വലിയ വെല്ലുവിളി തന്നെയാണ് ലഹരി. ലഹരി എന്നത് ഒരു വലിയ ഭീകരവസ്തു തന്നെയാണ്. അത് നമ്മുടെ ശരീരത്തിനും വളർച്ചയ്ക്കും ദോഷം ചെയ്യുന്നു. നമ്മുടെ ഈ ലോകത്ത് പകുതിയിലേറെയും പേർ ലഹരിക്ക് അടിമപ്പട്ടവരാണ്. പ്രായപൂർത്തിയാകാത്ത കുട്ടികൾ വരെ ഇക്കാലത്ത് ലഹരിക്ക് അടിമപ്പെട്ടവരാണ്. അധികവും സ്കൂൾ കുട്ടികളെയാണ് ലഹരി മാഫിയകൾ ലക്ഷ്യ-മിട്ടിരിക്കുന്നത്. സ്കൂൾ പരിസരങ്ങൾ, ഒറ്റപ്പെട്ട

സ്ഥലങ്ങൾ തുടങ്ങിയിടങ്ങളിൽ ഈ ലഹരി മാഫിയകൾ കണ്ടുവരുന്നു. ആദ്യം ഒരു കുട്ടിക്ക് സൗജന്യമായി നൽകി പിന്നീട് അതിന് അടിമപ്പെടുത്തുകയും ചെയ്യുന്നു. ലഹരിക്ക് അടിമയായ വ്യക്തി അത് കിട്ടാതെ വരുമ്പോൾ എതിർക്കാനുള്ള പ്രവണത ഉണ്ടാവുകയും അവരുടെ മനസ്സ് ക്രൂരമാകുകയും പല കുറ്റകൃത്യങ്ങളും ചെയ്യാനുള്ള പ്രേരണ ഉണ്ടാകുകയും സാമൂഹ്യവിരുദ്ധരായി മാറുകയും ചെയ്യുന്നു. ലഹരി പോലുള്ള വസ്തുക്കൾ ഉപയോഗിക്കുമ്പോൾ
പല മാരകമായ രോഗങ്ങൾ പിടിപെടുകയും അതിൽ നിന്ന് രക്ഷപ്പെടാൻ കഴിയാതെ പ്രായപൂർത്തിയാകാത്ത കുട്ടികൾ വരെ മരണപ്പെടുകയാണ്. ലഹരിവസ്തുക്കൾ

ഉപയോഗിക്കുമ്പോൾ മനുഷ്യനെ നിയന്ത്രിക്കുന്നത് ഈ ലഹരി വസ്തുക്കളാണ്. ഇത് ഉപയോഗിക്കുന്ന ഒരു മനുഷ്യന്റെ ആരോഗ്യക്ഷമത,ഊർജം എന്നിവ നഷ്ടപ്പെടുന്നു. കാൻസർ പോലുള്ള മാരക രോഗങ്ങൾ ഇതിലൂടെ പിടിപെടുന്നു. പിന്നീട് അതിൽ നിന്ന് രക്ഷപ്പെടാൻ വലിയ മാർഗങ്ങൾ തേടേണ്ടിവരും .

ലഹരി മാരകമായ വസ്തുവാണ്, അത് ഉപയോഗിച്ച് ശീലിച്ചാൽ ജീവിതത്തിന്റെ നില തെറ്റിക്കുന്നു. ലഹരി വസ്തുക്കളിൽ നിന്ന് ലഹരി കണ്ടെത്താതെ ജീവിതം തന്നെ ലഹരിയായി കാണുക.

ആദർശ്.കെ.പി

പത്താം തരം



%%%%%%%%%%%%%%%

# *ജീവിതം തന്നെ ലഹരി*

ഇന്ന് പലരെയും നാം കാണുന്നു. പലതും കേൾക്കുന്നു. കൂടുതലായി കേൾക്കുന്നത് ലഹരി ഉപയോഗിച്ച ജീവിതം നഷ്ടപ്പെട്ടവരുടെ കഥയാണ്. അത് നാം കാര്യമാക്കാറില്ല. സ്വന്തം കുടുംബത്തിൽ തന്റെ മകനോ മകൾക്കോ ഈ അവസ്ഥ വരുമ്പോഴാണ് ദുഃഖിക്കുക

ചിത്രരചന,കഥ,കവിത

ഇവയെല്ലാം ഒരു ലഹരിയാണ്.അങ്ങനെ ചിന്തിക്കാതെ വഴി തെറ്റി പോവുകയാണ് പുത്തൻ തലമുറ.  ലഹരിക്ക് അടിമപ്പെട്ടാൽ അതിൽ നിന്നും വിട്ടുമാറി പുതിയ ജീവിതം തുടങ്ങാൻ വളരെ പ്രയാസമാണ്.ചെറു

കുട്ടികൾപോലും ലഹരിയുടെ തീയിലേക്ക് വീണുപോവുകയാണ്. മിഠായികളും ചെറു സ്റ്റിക്കറുകളും എന്തിനേറെ റബ്ബർ,വൈറ്റ്നർ തുടങ്ങിയവയുടെമണം പോലും ലഹരിയിലേക്ക് നമ്മെ കൂട്ടിക്കൊണ്ടുപോകുന്നു. മാതാപിതാക്കൾ ശ്രദ്ധിച്ചാൽ ഒരു പരിധി വരെ അത് തടയാൻ സാധിക്കും. ചിലപ്പോൾ ചില കൂട്ടുകെട്ടുകൾ തന്നെ ഒരു കുട്ടിയെ വഴി തെറ്റിക്കും.

ചിലർ അറിഞ്ഞിട്ടും ലഹരിയിലേക്ക് ചെന്ന് ചാടുന്നവരാണ്. അവർ ചിലരോടുള്ള ദേഷ്യത്താലായിരിക്കാം ലഹരിയിലേക്ക് ചാടിയത്. അത് തലയ്ക്ക് പിടിക്കുമ്പോൾ മാതാപിതാക്കളെ തന്നെ തെറ്റിദ്ധരിച്ച് ആക്രമിച്ചേക്കാം. അങ്ങനെ പല സംഭവങ്ങളും

നമ്മുടെ ദൈവത്തിന്റെ സ്വന്തം നാടായ കേരളത്തിൽ നടന്നിട്ടുണ്ട്. പത്തിരുപതു കൊല്ലം വളർത്തിയ മാതാപിതാക്കളെ ആ പെൺകുട്ടികൾക്ക് വിശ്വാസമുണ്ടാവില്ല. പിന്നീടെ അവർക്ക് സത്യം മനസിലാകുമ്പോഴേക്കും അവരുടെ ജീവിതം നശിച്ചു കാണും. ലഹരി നല്ലതാണ് . അത് ജീവിതത്തോട് ആയിരിക്കണം,നമ്മൾ ചെയ്യുന്ന ജോലിയോടായിരിക്കണം. നമ്മുടെ കുടുംബംത്തോടായിരിക്കണം.

തീർത്ഥ.ഇ

ഒമ്പതാം തരം



??????????????????????????

# ഊർജ സംരക്ഷണം

ഊർജം നിർമിക്കാനോ നശിപ്പിക്കാനോ സാധ്യമല്ല. അത് ഒരു രൂപത്തിൽ നിന്ന് മറ്റൊരു രൂപത്തിലേക്ക് മാറ്റുവാനേ കഴിയൂ. ഇതാണ് ഊർജ സംരക്ഷണ നിയമം. ഉയരുന്ന ഊർജ പരിപാലനം, മെച്ചപ്പെട്ട ഊർജ കാര്യശേഷി, വീണ്ടും ഉപയോഗിക്കാവുന്ന സ്രോതസ്സുകളിൽ നിന്നുള്ള മെച്ചപ്പെട്ട ഊർജ്ജോൽപ്പാദനം എന്നിവ പൊതുവായി ഇന്ത്യയെയും പ്രത്യേകിച്ച് ഗ്രാമീണഭാരതത്തെയും സ്വയം പര്യാപ്തതയിലേക്ക് നയിക്കും. ബയോഗ്യാസ്, ബയോ ഇന്ധനങ്ങൾ, ബയോ മാസിൽ എന്നിവയിൽ നിന്നുള്ള

ഊർജ്ജോൽപ്പാദനമാണ് പ്രധാനമായും ഊർജഘടകങ്ങളിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. ഊർജ്ജോൽപ്പാദനത്തിൽ സൗരോർജം, ബയോ ഊർജം, കാറ്റിൽ നിന്നുള്ള ഊർജം എന്നിവയെക്കുറിച്ചുള്ള അറിവുകൾ ഉൾപ്പെടുത്തിയിരിക്കുന്നു. പുനരുപയോഗിക്കാവുന്ന ഊർജം, പരിസ്ഥിതി ഗ്രാമീണ വൈദ്യുതികരണം, ഊർജ സംരക്ഷണം എന്നിവ ഊർജ നയ വാർത്തകളെക്കുറിച്ചുള്ള അറിവ് ലഭിക്കാൻ സഹായിക്കുന്നു. 1763-ൽ ജെംയ്സ് വാട്ട് എന്ന ശാസ്ത്രജ്ഞൻ ആവിയെന്ത്രം കണ്ടുപിടിച്ചതോടെയാണ് ഊർജം ഉപയോഗിച്ച് യന്ത്രം പ്രവർത്തിപ്പിക്കാൻ

തുടങ്ങിയത്. 1831-ൽ മൈക്കൽ ഫാരഡെ വൈദ്യുതി ഉൽപ്പാദിപ്പിക്കാം എന്നു കണ്ടുപ്പിടിച്ചു. ആധുനിക ജീവിതത്തിൽ വൈദ്യുതി, ഇന്ധനം എന്നിവ ഒഴിവാക്കാൻ ആവാത്ത ഘടകങ്ങളാണ്.

വീട്ടുകാര്യങ്ങൾക്കാണ് കൂടുതലായും വൈദ്യുതി ഉപയോഗിക്കുന്നത്. സാധാരണ ബൾബുകൾക്ക് പകരം സി.എഫ്.എൽ, ഫ്ളൂറസെന്റ് വിളക്കുകൾ, എൽ.ഇ.ഡി, വിളക്കുകൾ സൗരോർജ വിളക്കുകൾ എന്നിവ ഉപയോഗിക്കുക.

മാനവ പുരോഗതിയുടെ ചരിത്രം പുതിയ ഊർജസ്രോതസ്സുകൾക്കു വേണ്ടിയും, ഊർജത്തിന്റെ വൈവിധ്യപൂർണ്ണമായ

ഉപയോഗസാധ്യതകൾക്കുവേണ്ടിയമുള്ള അന്വേഷണത്തിന്റേത് കൂടിയാണ്. മറ്റ ജീവജാലങ്ങളെപ്പോലെ സ്വന്തം ഊർജം മാത്രം ഉപയോഗിച്ചിരുന്ന പ്രാചീന മനുഷ്യൻ ആധുനിക കാലത്ത് മറ്റൊരു രൂപത്തിൽ ഊർജം ഉപയോഗിക്കുന്നു. കാലമേറെ കഴിഞ്ഞപ്പോൾ കാറ്റിന്റെയും, ജലത്തിന്റെയുമൊക്കെ ശക്തി ഉപയോഗപ്പെടുത്താൻ മനുഷ്യൻ ശീലിച്ചു. തീയുടെ ആവിർഭാവം ഊർജരംഗത്തിന്റെ തലക്കുറി തന്നെ മാറ്റിയെഴുതാൻ പര്യാപ്തമായിരുന്നു. ഖനിജ ഇന്ധനങ്ങളുടെ ആവിർഭാവത്തിനുമുമ്പ് ആധുനിക മനുഷ്യന്റെ പ്രധാന ഊർജ സ്രോതസ്സ് വൈദ്യുതി ആയിരുന്നു.

1890 ഓടെ വിറകിനെ പിൻതള്ളി കൽക്കരി പ്രധാന ഊർജസ്രോതസ്സായി മാറി.

സങ്കീർത്തന. കെ.പി

ഒമ്പതാം തരം



# മറക്കാനാവാത്ത ബാല്യം

ആ രാത്രി അവർക്ക് മറക്കാൻ കഴിഞ്ഞില്ല .അവർ തങ്ങളുടെ വിഷമം പുറത്ത് കാട്ടാതെ മനസ്സിലൊതുക്കി അവിടെ തന്നെ ഇരുന്നു.എന്നെത്തെയും പോലെ ആഹാരം കഴിക്കാനോ ഉറങ്ങാനോ സാധിച്ചില്ല. കിടക്കുന്ന സമയത്ത് ആ രണ്ടു കൊച്ചു സങ്കടങ്ങൾ പങ്കുവച്ച് പഴയകാല സ്മരണകളിലേക്ക് പോയി.......

വീടിന്റെ പുറംവശത്തുള്ള കുളിക്കടവിലേക്കുള്ള പടവുകളിൽ എന്നത്തെയും പോലെ അവർ

അടുത്തടുത്തിരുന്ന് കല്ലുകൾ കുളത്തിലേക്ക് എറിയുകയായിരുന്നു. അപ്പോഴാണ് അമ്മൂമ്മയുടെ വിളി " അപ്പൂ ..... അമ്മൂ..... നിങ്ങൾ എന്താ അവിടന്ന് ചെയ്യുന്നേ?... ’’ അമ്മൂമ്മയുടെ പിറകെ അപ്പൂപ്പനും വരുന്നുണ്ടായിരുന്നു. അപ്പൂപ്പന്റെ  കൈയിൽ എന്തോ ഉണ്ട്. ഇത് കാണേണ്ട താമസം അമ്മു ഓടി അപ്പൂപ്പന്റെ അരികത്തെത്തി. കൈയിൽ കുറെ ജീരക മിഠായി.അമ്മു അപ്പൂപ്പന്റെ കൈയിൽ നിന്ന് അത് വാങ്ങി പടികളിൽ ചെന്നിരുന്നു.അമ്മൂമ്മ അവരുടെ അടുക്കൽ പോയി ഇരുന്നു. എന്നിട്ട് ഓരോ കാര്യങ്ങൾ പറഞ്ഞു"എടീ... വിമലേ ഈ തേങ്ങ പറിക്കുന്ന കണാരനെ കാണാഞ്ഞിട്ട്

കുറെ ആയല്ലോ? "എപ്പാന്നറീല ഇത് തലേലേക്ക് വീഴുന്നത് ."നെന്റെ മകൻ ഇന്നലെ കണാരനെ എന്തൊക്കെയോ പറയുന്ന കേട്ടല്ലോ?" "എന്റെ മകൻ മാത്രമല്ല നിങ്ങടെ മകനും കൂടിയാ"അപ്പോൾ തന്നെ അപ്പുവും അമ്മുവും ഒരേ സ്വരത്തിൽ പറ-ഞ്ഞു"ഞങ്ങടെ അച്ഛനും കൂടിയാ..?"അമ്മയുടെ ശബ്ദം കേട്ടയുടനെ ആ രണ്ടു കൊച്ചു മക്കൾ ഓടി പോയി.കാരണം അവരുടെ അമ്മയ്ക്ക് മക്കൾ ഈ പഴയ തലമുറക്കാരോടൊപ്പം സംസാരിക്കുന്നത് ഇഷ്ടമല്ലായിരുന്നു.മക്കളുടെ വിദ്യാഭാസം പോകും എന്നാണ് പറയാറുള്ളത്.മക്കളെ നീന്താനൊക്കെ പഠിപ്പിച്ചത് അപ്പൂപ്പനായിരുന്നു.അവർക്ക് ഈ

പഴയ തലമുറക്കാരെ ഒരുപാട് ഇഷ്ടമായിരുന്നു. ഉച്ചയ്ക്ക് ചോറുണ്ണുമ്പോൾ അമ്മൂമ്മയുടെ കുറെ പഴയ വിഭവങ്ങൾ മക്കൾക്ക് മാത്രം ഉണ്ടാക്കിക്കൊടുക്കും. രാത്രിയിൽ അത് ഉണ്ടാവില്ല. അപ്പോഴേക്കും അവരുടെ അച്ഛനും അമ്മയും ജോലി കഴിഞ്ഞ് വരും.ഉറങ്ങുന്നത് എപ്പോഴായാലും അമ്മൂമ്മയുടെ കൂടെയായിരിക്കും.അവർക്ക് അമ്മൂമ്മയുടെ മണം ഒരുപാട് ഇഷ്ടമായിരുന്നു.അപ്പു എന്നും അപ്പൂപ്പന്റെ കൂടെയായിരിക്കും. അപ്പൂപ്പന്റെ വാൽ എന്നാപറയുക. ഈ മക്കളുടെ അമ്മയും അച്ഛനും അവർക്കിട്ട പേര് ടീന,ടൈൻസൺ എന്നാണ്.അമ്മൂമ്മയും അപ്പൂപ്പനും കൂടിയിട്ട പേരാണ് അപ്പു,അമ്മു എന്നത്.ഒരു ദിവസം

അമ്മ പറഞ്ഞു "ടീന,ടൈൻസൺ,നിങ്ങളുടെ ബാഗിൽ ഡ്രസ്സ് എടുത്ത് വയ്ക്കൂ നാളെ തന്നെ പോകണം".അവർ ഒന്നും മനസിലാകാതെ മുഖത്തോട് മുഖം നോക്കി നിന്നു.കാര്യമെന്താണ് എന്ന് അവർ ചോദിച്ചു.അപ്പോൾ പറഞ്ഞു എനിക്കും അച്ഛനും ജോലി സ്ഥലം മാറ്റം കിട്ടി.അടുത്ത ജില്ലയിലെ ടൗണിൽ ആണ്.അവിടത്തെ സ്കൂളിൽ നിങ്ങൾക്ക് അഡ്മിഷൻ വാങ്ങിട്ടുണ്ട്. നാളെ പോകും .ആ രണ്ട് കുഞ്ഞുങ്ങൾ കഴിയാവുന്നത്ര പറഞ്ഞു വരുന്നില്ലെന്ന് ; പക്ഷേ അമ്മ സമ്മതിച്ചില്ല.അവർ അമ്മൂമ്മയും അപ്പൂപ്പന്റെയും അടുക്കൽ ചെന്നിരുന്ന് കരഞ്ഞു കെട്ടിപ്പിടിച്ചു.പിറ്റേന്ന് രാവിലത്തെ

ട്രെയിനിൽ പോകും.ആരാ ഇനി
അമ്മൂമ്മയുടെയും അപ്പൂപ്പന്റെയും കൂടെ
കളിക്ക്വാ?.അവർ അന്ന് ഒത്തിരി കരഞ്ഞു.
അവർ രാവിലെ തന്നെ ഒരുങ്ങി.അമ്മൂമ്മ
കരഞ്ഞുകൊണ്ടേയിരിന്നു.അപ്പൂപ്പൻ
കരഞ്ഞതേയില്ല.അവർക്ക് പിരിയാൻ
കഴിഞ്ഞില്ല.അവർ ഫ്ളാറ്റിലെത്തി.അവർ
ഓർമകളിൽ നിന്ന് ഞെട്ടിയുണർന്നു.
കരഞ്ഞു.ഇനി എന്നാ അമ്മൂ നമ്മൾ
അപ്പൂപ്പനെയും അമ്മൂമ്മയെയും കാണാ?
എനിക്ക് അറീല അപ്പൂ ഏട്ടാ. നിങ്ങളെന്താ
സംസാരിക്കുന്നേ? അനങ്ങാണ്ട് കിടന്നുറങ്ങ്.
അമ്മ വന്നു പറഞ്ഞു.അവർ അപ്പൂപ്പന്റെയും

അമ്മൂമ്മയുടെയും ഓർമകളിലേക്ക് പാഞ്ഞു.ആ വാർദ്ധക്യത്തിലുള്ളവരെ അവർ സ്നേഹിച്ചു.

ശലഭ.കെ.പി

പത്താം തരം



# മുന്നേറ്റം

തീരദേശമേഖലയിലെ വിദ്യാർഥികൾക്കുള്ള പഠന-പരിപോഷണ പരിപാടിയായ മുന്നേറ്റം (2019-20) ജി.എച്ച്.എസ്.എസ് അഴീക്കോടിൽ നടന്നു വരുന്നു.

പദ്ധതി വിശദീകരണം, വിവിധ വകുപ്പുകളുടെ സഹകരണം എന്നിവ ഉറപ്പാക്കിയ യോഗം കണ്ണൂർ നോർത്ത് ബി.ആർ.സി യിൽ 11.12.2019 ന് നടന്നു. കണ്ണൂർ ജില്ല ഡി.ഡി ശ്രീമതി

നിർമ്മലദേവി, ഡി.ഇ.ഒ ശ്രീ സനകൻ പി.പി എന്നിവരും ശിശുവികസന, തീരദേശ (ഫിഷറീസ്) എക്സൈസ്, പോലീസ്, എന്നീ മേഖലകളിലെ ഉദ്യോഗസ്ഥർ, ഡയറ്റ് പ്രിൻസിപ്പാൾ ശ്രീ കൃഷ്ണദാസ്,ഡയറ്റ് ഫാക്കൽട്ടീസ്,സ്കൂൾ ഹെഡ്മാസ്റ്റർ ശ്രീ മുഹമ്മദ് ഇഖ്ബാൽ ,ജില്ലാ ഐ.ടി കോ-ഓഡിനേറ്റർ, വാർഡ് മെമ്പർ എന്നിവർ പങ്കെടുത്തു.

തുടർന്ന് ആലോചന-ആസൂത്രണ യോഗം 19.12.2019 ൽ സ്കൂളിൽ നടന്നു. ജില്ലാപഞ്ചായത്ത് സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ ശ്രീ കെ.പി ജയബാലൻ, ഡി.ഡി.ഇ ശ്രീമതി നിർമ്മലാദേവി, ഡി.ഇ.ഒ

ശ്രീ സനകൻ പി.പി, ഡയറ്റ് പ്രിൻസിപ്പൾ ശ്രീ കൃഷ്ണദാസ്, ഡയറ്റ് ലക്ചറർമാർ,ഹെഡ്മാസ്റ്റർ,പി.ടി.എ, എം.പി.ടി.എ, എസ്.എം.സി അംഗങ്ങൾ,അധ്യാപകർ എന്നിവർ പങ്കെടുത്തു.

മുന്നേറ്റം പരിപാടിയുടെ ഭാഗമായി ലഹരിവിരുദ്ധ ക്യാമ്പയിൽ - വിളംബരജാഥ 30.12.2019 ന് നടന്നു. ലഹരിവിരുദ്ധമുന്നേറ്റം,സ്നേഹജ്വാല സ്കൂൾ ഗ്രൗണ്ടിൽ 01.01.2020 ന് നടന്നു. ജില്ലാപഞ്ചായത്ത് പ്രസിഡന്റ് ശ്രീ കെ.വി സുമേഷ് ഉദ്ഘാടനം ചെയ്തു. ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് ശ്രീ കുട്ടവൻ

പത്മനാഭൻ മുഖ്യാതിഥിയായിരുന്നു.
ഹൈസ്കൂൾ വിദ്യാർഥിനി വിസ്മയ വത്സൻ
ലഹരിവിരുദ്ധ പ്രതിജ്ഞ ചൊല്ലിക്കൊടുത്തു.
എക്സൈസ് ഓഫീസർ ശ്രീ
കെ.കെ സമീർ ലഹരിവിരുദ്ധ പ്രഭാഷണം
നടത്തി.നാട്ടുകാരും, പ്രദേശവാസികളും
അധ്യാപകരും വിദ്യാർഥികളും ചേർന്ന്
സ്നേഹജ്വാല തെളിയിച്ചു.



സ്കൂൾ തല ഉദ്ഘാടനം 03.01.2020 ന്

ഡി.ഇ.ഒ ശ്രീ സനകൻ പി.പി നിർവഹിച്ചു.




വാർഡ് മെമ്പർ,എസ്.എം.സി ചെയർമാൻ,

അധ്യാപകർ, രക്ഷിതാക്കൾ തുടങ്ങിയവർ

പങ്കെടുത്തു. ഈ പദ്ധതിയുടെ ഭാഗമായി

വിദ്യാർത്ഥികൾക്ക്

ചിത്രരചന,ശില്പനിർമാണം,ഐ.സി.ടി,

ഫുട്ബോൾ പരിശീലനം എന്നിവയും

സംഗീതം, നാടകം,

മലയാളം,ഇംഗ്ലീഷ്,ഗണിതം,സാമൂഹ്യശാസ്ത്രം എന്നീ ശില്പശാലകളും

സയൻസ് ലാബ് നവീകരണം,ക്ലാസ് ലൈബ്രറി ശാക്തീകരണം എന്നിവയും നടന്നു വരുന്നു.



# വിദ്യാലയം പ്രതിഭകളിലേക്ക്



'വിദ്യാലയം പ്രതിഭകളിലേക്ക്'എന്ന പരിപാടിയുമായി ജി.എച്ച്.എസ്.എസ്.അഴീ- ക്കോടിൽ നിന്ന് 15 വിദ്യാർഥികളും 4 അധ്യപകരും സാഹിത്യത്തിന്റെ വിവിധ മണ്ഡലങ്ങളിലെ പ്രതിഭയും മുൻ കേരള ഫോക് ലോർ അക്കാദമി സെക്രട്ടറിയും അധ്യാപകനുമായ ശ്രീ.എ.കെ.നമ്പ്യാർ സാറിനെ ആദരിക്കുന്നതിനായി 18.11. 2019 ന് ഉച്ചയ്ക്ക് 2:30 ന് അദ്ദേഹത്തിന്റെ ഭവനത്തിലെത്തി. പ്രകൃതിദത്തമായ പൂക്കൾ കൊണ്ട്

## വിദ്യാർഥികൾ നിർമ്മിച്ച പൂച്ചെണ്ട് ആദരപൂർവം അദ്ദേഹത്തിന് നൽകി.



മാഷ് തന്നെ ആമുഖമായി അദ്ദേഹത്തെ പരിചയപ്പെടുത്തിക്കൊണ്ട് കാര്യങ്ങൾ പറഞ്ഞുതുടങ്ങി.

പരദേശബ്രാഹ്മണരുടെ

അധിനിവേശ പ്രദേശമായ ചെറുതാഴം എന്നഗ്രാമത്തിൽ  പൂക്കൈതകൾ തിങ്ങിനിറഞ്ഞതും, പ്രാകൃതഗ്രാമത്തിന്റെ നന്മകൾ നിറഞ്ഞതും ദാരിദ്ര്യം നിറഞ്ഞതുമായ നെരുവമ്പ്രം എന്ന ദേശത്തായിരുന്നു അദ്ദേഹം ജനിച്ചത്. ബാല്യകാലത്തെ പ്രയാസങ്ങളും ദാരിദ്യാവസ്ഥയും

വിദ്വാൻ പരീക്ഷയ്ക്ക് ശേഷം പൊതുരംഗത്തും അധ്യാപകരംഗത്തും എത്തിയതും സാമൂഹികപ്രതിബദ്ധതയുടെ ഭാഗമായി

DYFI യുടെ വിവിധ സ്ഥാനങ്ങൾ ഏറ്റെടുത്തതും ശമ്പളപരിഷ്ക്കരണത്തിനായ് 54 ദിവസം സമരം നടത്തിയതും ഗ്രന്ഥശാലാപ്രസ്ഥാനത്തിന്റെ സെക്രട്ടറിയായതും വിശദീകരിച്ചു. ഇതിനിടയിൽ B.A പരീക്ഷ എഴുതി പാസാവുകയും തുടർന്ന് M.A മലയാളസാഹിത്യം പ്രൈവറ്റായി പഠിക്കുകയും ആദ്യത്തെ പ്രൈവറ്റ് റാങ്ക് കാരനാവുകയും ചെയ്തു. (1976)1958 മുതൽ നാടകപ്രവർത്തനരംഗത്തുണ്ടായിരുന്നു. പിന്നീട് അഴീക്കോട് എത്തിയ അദ്ദേഹം ഡോ:സുകുമാർ അഴീക്കോടിന്റെ കീഴിൽ ഗവേഷണം നടത്തുകയും ചെയ്തു .1973-74 കാലഘട്ടത്തിൽ സ്കൂൾ ഓഫ് ഡ്രാമയിൽ

നാടകാഭിനയം, സാങ്കേതിക വിഭാഗത്തിൽ ലക്ചറർ ആയും 23-വർഷം സേവനമനുഷ്ഠിച്ചു.

ഇതിനിടയിൽ വടക്കേ മലബാറിന്റെ മന്ത്രവാദ അനുഷ്ഠാനത്തെപ്പറ്റിയും അദ്ദേഹം ഗവേഷണം നടത്തി.സമ്പന്നമായ ഇതിന്റെ ഗാനസാഹിത്യവും ചടങ്ങുകളും തെയ്യങ്ങൾ കെട്ടിയാടുന്നത് കാണാൻ കഴിഞ്ഞതും അദ്ദേഹത്തിന്റെ ബാല്യ-കൗമാര അനുഭവങ്ങളായിരുന്നു. അദ്ദേഹത്തിന്റെ ഔദ്യോഗിക ജീവിതാനാഭവങ്ങൾ, തെയ്യംസംഘങ്ങളുമായി വിദേശപര്യടനം നടത്തിയത് , വണ്ണാൻസമുദായത്തിന്റെ പശ്ചാത്തലത്തിൽ 'ഊരുവിലക്ക്' എന്ന നാടകം എഴുതിയത്, പ്രശസ്ത സംവിധായ

കരായ ശ്യാമപ്രസാദ്, വി.കെ. പ്രകാശ്, പി.ബാലചന്ദ്രൻ , രഞ്ജിത്ത് എന്നിവരുമായി അടുത്തിടപഴകാൻ  കഴിഞ്ഞത് , റോക്ക് സ്റ്റാർ എന്ന സിനിമയ്ക്ക് വരികൾ എഴുതിയതുമായ അനുഭങ്ങൾ അദ്ദേഹം പങ്കുവച്ചു.  ഇച്ഛാശക്തി ഉള്ളവരായിക്കണം വിദ്യാർഥി സമൂഹം എന്നും " കുന്നോളം മോഹിച്ചാലെ കുന്നിമണിയോളം ലഭിക്കുകയുള്ളൂവെന്നും ”  നന്മയുള്ളവരും സ്നേഹമുള്ളവരും  മാനവികതയുള്ളവരുമായി നിങ്ങൾ മാറണമെന്നും അദ്ദേഹം വിദ്യാർഥികളെ ഉദ്ബോധിപ്പിച്ചു.നെരുവമ്പ്രം സ്കൂളിലെ 6- തരം അധ്യപകനാണ് സ്കൂൾ ജീവതത്തിൽ സ്വാധീനിച്ചതെന്നും, അഴീക്കോട് മാഷാണ് ജീവിതത്തെ

സ്വാധീനിച്ചതെന്നും പറഞ്ഞുകൊണ്ട്
ഊഷ്മളമായ അദ്ദേഹത്തിന്റെ
സ്നേഹവിരുന്നിന് വിരാമമായി.

<><><><><><><><><><><>

# ***My mother is my queen***

**My mother is my best friend**
**My mother is my queen**
**My mother is my life**
**She is comfortable with my matters**
**I tell as many problems**
**And she tell me solutions**
**My mother is my best friend forever....**
**My mother gives many advice to me**
**My mother is my god**
**God is my Mother**

**DHANASRUTHI.P.A**
*$10^{th}$ std*



~~~~~~~~~~~~~~~~~~~~~~~~~~~~~~~~
~~~~~~~~~~~~~~~~~~~~~~~~~~~~~~~~

# MY MOTHER

I love my mother
I like my mom's smile
I early wake up
My mother gives tea
I like my mother's tea
I love my mother...
My power is my mother
My mother is cute
When I read my books
My mother helps me
I like my mother's voice
I like my mother....
I love my family
But my best family member...
is my mother.

***Ilmun Nafiya***

***8th***




# വരകൾക്കിടയിലൂടെ



ആകാശ്.ആർ.എസ്

പത്താം തരം






അമൃത. വി. കെ

ഏഴാം തരം






കൃഷ്ണ.പി.പി

ഒമ്പതാം തരം







ഫാത്തിമത്ത് നസ്രീൻ. ബി

പത്താം തരം






സഫ്വാന.കെ

ഒന്നാം തരം






ആദിദേവ്.എസ്

നാലാം തരം





ശിവന്യ.പി.വി

നാലാം തരം





അമൃത. വി. കെ


ഏഴാം തരം





അനശ്രീ





ജനനി.കെ.പി

ഏഴാം തരം





തീർത്ഥ. ഇ

ഒമ്പതാം തരം





തീർത്ഥ. ഇ

ഒമ്പതാം തരം



# കൃതജ്ഞത

‘ആദ്യാക്ഷരങ്ങൾ 'എന്ന ഡിജിറ്റൽ മാഗസിൻ ഏറെ ചാരിതാർഥ്യത്തോടെ സമർപ്പിക്കുന്നു. ഈ മാഗസിൻ യാഥാർഥ്യമാക്കുന്നതിൽ ഞങ്ങൾക്ക് പൂർണ്ണ പിന്തുണയും സഹായസഹകരണവും തന്ന് പ്രോത്സാഹിപ്പിച്ച അധ്യാപകർക്കും,ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾക്കും ,വിദ്യാർഥികൾ ക്കും കൃതജ്ഞത രേഖപ്പെടുത്തുന്നു.

